വനിത ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര , തിരുവനന്തപുരം
തീയതി :22/10/2021
Email
-directorate.wcd@kerala.gov.in
Phone : 0471 - 2346534

# സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - ഭിന്നശേഷി കുട്ടികളുടെ വിവരങ്ങൾ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നത് -സംബന്ധിച്ച്.

സൂചന:
1. തദ്ദേശ സ്വയംഭരണ (ഡി എ )വകുപ്പിൻറെ 25.01.2019 തീയതിയിലെ ഡി എ 1/19/2019 തസ്വഭവ നമ്പർ സർക്കുലർ
2. തദ്ദേശ സ്വയംഭരണ (ഡി എ )വകുപ്പിൻറെ 29.06.2020 തീയതിയിലെ ഡി എ 1/192/2019 തസ്വഭവ നമ്പർ സർക്കുലർ

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ നൽകുന്നതിന് ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ മതിയായ തുക മാറ്റി വയ്ക്കേണ്ടതാണെന്നും സാമൂഹ്യ സുരക്ഷമിഷൻറെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ICDS/CDPO മുഖേന എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കൈമാറേണ്ടതാണെന്നും സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം ടി വിഭാഗത്തിലെ കുട്ടികൾക്ക് 28500/- രൂപ അതാത് പഞ്ചായത്തിൽ ലഭിക്കാൻ അർഹതയുണ്ടെന്നും എല്ലാ പഞ്ചായത്തുകളും ഫണ്ട് വകയിരുത്തി ടി പ്രോജക്റ്റ് നടപ്പിലാക്കുന്നുണ്ടോ എന്ന് CDPO/ICDS സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതുമാണെന്നും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചില പഞ്ചായത്തുകളിൽ ICDS സൂപ്പർവൈസർമാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭിന്നശേഷി കുട്ടികളുടെ വിവരങ്ങൾ സമയബന്ധിതമായി ശേഖരിച്ച് നൽകാത്തതിനാൽ ടി സ്കോളർഷിപ്പും ബത്തയും ലഭ്യമാകുന്നില്ലായെന്നും പരാതി ലഭ്യമായിട്ടുണ്ട്.

ആയതിനാൽ എല്ലാ ICDS സൂപ്പർവൈസർമാരും ബന്ധപ്പെട്ട പഞ്ചായത്തിനു കീഴിൽ വരുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ വിവരങ്ങൾ ( പേര്, പ്രായം, ഭിന്നശേഷിത്വം, ശതമാനം, പഠിക്കുന്ന സ്കൂൾ ) ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ എല്ലാ വർഷവും അപ്ഡേറ്റ്ചെയ്യേണ്ടതും സമയബന്ധിതമായി വിവരങ്ങൾ അതാത് പഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ഉത്തരവിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

വനിത ശിശു വികസനഡയറക്ടർക്കുവേണ്ടി